**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 407　　　03.03.2020-ലെ മറുപടിക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.പി.സി.ജോർജ്** | **ഡോ. തോമസ് ഐസക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി (എൻ.പി.എസ്) നിറുത്തലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സർക്കാർ ഉത്തരവ് 172/18/ധന തീയതി 07.11.2018 പ്രകാരം പുന:പരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | നാളിതുവരെ എത്ര ജീവനക്കാർ ഈ പദ്ധതിയിൽ അംഗങ്ങളായി; വിശദമാക്കുമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ജനുവരി 31 വരെ, 1,15,881 സർക്കാർ ജീവനക്കാർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. |
| (സി) | ഇവരിൽ നിന്നും ഇതുവരെ എത്ര രൂപ ഈയിനത്തിൽ പിരിച്ചെടുത്തു എന്ന് അറിയിക്കാമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ജനുവരി 31 വരെ, 1063.97 കോടി രൂപ സംസ്ഥാന ജീവനക്കാരുടെ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | സംസ്ഥാന സർക്കാർ വിഹിതമായി എത്ര രൂപ ഇതുവരെ പെൻഷൻ അക്കൗണ്ടിൽ നൽകി; വിശദാംശം ലഭ്യമാക്കുമോ? | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ജനുവരി 31 വരെ, 1063.97 കോടി രൂപ സർക്കാർ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**